**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2356

13.02.2013-ലെ മറുപടിയ്ക്ക്

# സഹകരണ ഓഡിറ്റിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ. ലതിക | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ഏതുവർഷം വരെ പൂർത്തിയായി എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെയും ബി.ആർ.ആക്ടിന്റെ പരിധിയിൽ വരുന്ന അർബൻ ബാങ്കുകളുടെയും ആഡിറ്റ് 2011-12 വരെ പൂർത്തീകരിച്ചിട്ടുണ്ട്. കാപ്പക്സ്, ഹോസ്പിറ്റൽ ഫെഡ്, ടെക്സ്ഫെഡ് എന്നിവ ഒഴികെയുള്ള സംസ്ഥാനത്തെ മറ്റ് എല്ലാ അപ്പക്സ് സ്ഥാപനങ്ങളുടെയും 2011-12 വർഷം വരെയുള്ള ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ 505 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ 2011-12 വരെയുള്ള ആഡിറ്റും പൂർത്തിയായിട്ടുണ്ട്. |
| (ബി) സംഘങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് | (ബി) സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിലേയ്ക്കായി |

| | |
|---|---|
| എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | 2009-10 വർഷം മുതൽ ഓഡിറ്റ് ഡയറക്ടറുടെ ആഫീസ് പ്രവർത്തനം നടത്തിവരുന്നു. അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി പ്രത്യേക അവലോകന യോഗങ്ങൾ ചേരുകയും സമകാല ആഡിറ്റർമാരുടെ പ്രവർത്തനം നിരന്തരമായി അവലോകനത്തിന് വിധേയമാക്കുകയും ചെയ്തു വരുന്നു. തൽഫലമായി 2011-12 വരെയുളള ആഡിറ്റ് പൂർത്തിയാക്കുവാൻ സാധിച്ചു (3 എണ്ണം ഒഴികെ). ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയുടെ ഓഡിറ്റ് സാമ്പത്തിക വർഷം അവസാനിച്ച 6 മാസത്തിനുളളിൽ തന്നെ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകി വരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി 1.5.2012 മുതൽ 30.9.2012 വരെ ഒരു തീവ്ര യത്ന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഇതിലൂടെ ആകെയുളള 1580 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ 1318 ഓഡിറ്റ് പൂർത്തിയാക്കുന്നതിന് സാധിച്ചു. ടി സംഘങ്ങളുടെ ഓഡിറ്റ് മുൻഗണന നൽകി തീർപ്പാക്കി വരുന്നു. കൈത്തറി സഹകരണ |

സംഘങ്ങളുടെ 2011-12 വരെയുള്ള
ഓഡിറ്റ് സമയബന്ധിതമായി
പൂർത്തിയാക്കിയതിനാൽ ഈ
സംഘങ്ങൾക്ക് കേന്ദ്ര സർക്കാർ
പ്രഖ്യാപിച്ച ധന സഹായത്തിന്
യോഗ്യത നേടാൻ സാധിച്ചിട്ടുണ്ട്.
ആപ്കോസ് മിൽക്ക്
സംഘങ്ങളുടെ ഓഡിറ്റ്
സമയബന്ധിതമായി
പൂർത്തിയാക്കുന്നതിലേയ്ക്കായി
മേഖലാ യൂണിയൻ തലത്തിൽ
ക്യാമ്പ് ഓഡിറ്റ്
സംഘടിപ്പിച്ചുവരുന്നു.
വനിതാ, പട്ടികജാതി-പട്ടികവർഗ്ഗ
സഹകരണ സംഘങ്ങളുടെ
ഓഡിറ്റ് സമയബന്ധിതമായി
പൂർത്തിയാക്കുന്നതിനായി പ്രത്യേക
പരിപാടി നടപ്പിലാക്കി വരുന്നു.
30.9.2013 നകം ഓഡിറ്റ് കുടിശ്ശിക
പൂർണ്ണമായും തീർപ്പാക്കുന്നതിനുള്ള
പ്രത്യേക കർമ്മ പദ്ധതിയും
ആവിഷ്കരിച്ച് വരുന്നു.
മേൽപ്പറഞ്ഞ പദ്ധതികളിലൂടെ
ഓഡിറ്റ് കുടിശ്ശിക ഗണ്യമായി
കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ